## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2285 — 9/12/2014-ൽ മറുപടിക്ക്

# പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പെരുന്തേനരുവി ചെറുകിട ജല വൈദ്യുത പദ്ധതിയുടെ പണികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കാമോ; ഇനി എന്തൊക്കെ പണികളാണ് ബാക്കി നിൽക്കുന്നതെന്ന് പറയാമോ ; പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; | (എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പണികൾ 31% പൂർത്തിയായി. പവർ ചാനലിന്റെ 42ശതമാനവും ഫോർബേയുടെ 36ശതമാനവും പണികൾ പൂർത്തിയായി. പവർ ഹൗസിന്റെ കോൺക്രീറ്റിംഗ് ജോലികൾ ആരംഭിച്ചു. തടയണയുടെ എസ്കവേഷൻ ജോലികൾ (Right Bank ഒഴികെ) പൂർത്തിയായി. തടയണയുടെയും പവർ ഹൗസിന്റെയും പണികളും, പവർഹൗസിലെ ഇലക്ട്രോ മെക്കാനിക്കൽ ജോലികളും, പവർ ചാനൽ, ഫോർബേ എന്നിവയുടെ ബാക്കി നിർമ്മാണങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്. പദ്ധതി 2015-ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പദ്ധതിയുടെ ആകെ മുതൽമുടക്ക് എത്രയെന്ന് പറയാമോ; എത്ര മെഗാ വാട്ട് വൈദ്യുതിയാണ് ഇവിടെ നിന്നും ഉത്പ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇവിടെ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഏതൊക്കെ പഞ്ചായത്തുകളിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; | (ബി) പദ്ധതിയുടെ മുതൽമുടക്ക് 6790 ലക്ഷം രൂപയാണ്. 6 MW വൈദ്യുതിയാണ് ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി റാന്നി 110 കെ.വി. സബ്സ്റ്റേഷന്റെയും റാന്നി - പെരിനാട് 33 കെ.വി. സബ്സ്റ്റേഷന്റെയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാറാണംമൂഴി, പെരുനാട്, റാന്നി, റാന്നി - പഴവങ്ങാടി, റാന്നി- അങ്ങാടി എന്നീ പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. |

| | |
|---|---|
| (സി) വർഷത്തിൽ എല്ലാമാസവും ഇവിടെ നിന്നും വൈദ്യുതി ഉത്പ്പാദിപ്പിക്കാനാകുമോ; ഏതൊക്കെ മാസങ്ങളിലാണ് വൈദ്യുതോത്പ്പാദനം ഇല്ലാതിരിക്കുന്നത്; ഇതിന് കാരണം വ്യക്തമാക്കാമോ? | (സി) വർഷത്തിൽ എല്ലാ മാസവും ഇവിടെ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയില്ല.<br><br>ജനുവരി മുതൽ മെയ് മാസം വരെ വൈദ്യുതി ഉൽപ്പാദനം പ്രതീക്ഷിക്കുന്നില്ല. റൺ ഓഫ് റിവർ പദ്ധതിയായതിനാൽ ഈ മാസങ്ങളിൽ വൈദ്യുതി ഉൽപ്പാദനത്തിന് ആവശ്യമായ ജലം നദിയിൽ ഉണ്ടാകാനിടയില്ല. |

**സെക്ഷൻ ഓഫീസർ**